(ബി) ഇല്ല.

(സി) ഇത്തരം സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പോലീസുകാരുടെ കുറ്റകൃത്യങ്ങൾ

39 (39) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസുകാർ കുറ്റകൃത്യം ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പിടിച്ചുപറി, മോഷണം, കബളിപ്പിക്കൽ, ദേഹോപദ്രവം ഏൽപ്പിക്കൽ, പണാപഹരണം, പീഡിപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങൾ ചെയ്ത എത്ര സംഭവം വീതമുണ്ടായിട്ടുണ്ട് ;

(സി) പ്രതികളായ സ്ത്രീകളെ പീഡിപ്പിച്ച എത്ര സംഭവം ഈ കാലത്തുണ്ടായി ;

(ഡി) പോലീസുകാർ ചെയ്ത കുറ്റകൃത്യം സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് ;

(ഇ) ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട എത്രപേരുടെ മേൽ ഡിപ്പാർട്ടുമെന്റിൽ നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 678 സംഭവങ്ങൾ

(ബി)

പിടിച്ചുപറി	12
മോഷണം	19
കബളിപ്പിക്കൽ	45
ദേഹോപദ്രവം	351
പണാപഹരണം	6
പീഡിപ്പിക്കൽ	42

(സി) ഒരു സംഭവം

(ഡി) പോലീസുകാർ കുറ്റവാളികളായ 450 കേസുകൾ നിലവിലുണ്ട്.

(ഇ) 403 പേരുടെ മേൽ.

LIBRARY ARCHIVES Kerala Legislative Assembly